"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-ജീവനക്കാര്യം-കോഴിക്കോട് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്കായിരിക്കേ മരണപ്പെട്ട റീജ.കെ യുടെ മാതാപിതാക്കൾക്ക് കുടുംബപെൻഷൻ തുല്യമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ വകുപ്പ്**

**സ.ഉ.(സാധാ) നം.1832/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/10/2020

---

പരാമർശം:- 1 കോഴിക്കോട് തഹസിൽദാർ സാക്ഷ്യപ്പെടുത്തിയ 10.10.2019 തീയതിയിലെ കെ ഡിസ് 9790/19/കെ 3 നമ്പർ അനന്തരാവകാശ സർട്ടിഫിക്കറ്റ്.

2 പഞ്ചായത്ത് ഡയറക്ടറുടെ 12.02.2020 ലെ എച്ച് 1-2912/20 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്കായിരിക്കേ 07.03.2019 ൽ മരണപ്പെട്ട റീജ.കെ യുടെ മാതാപിതാക്കൾക്ക് പെൻഷനാനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി. റീജ.കെ അവിവാഹിതയാണ്. മാതാപിതാക്കൾ മാത്രമേ അനന്തരാവകാശികളായി ഉള്ളൂ എന്ന് പരാമർശം (1) പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാർട്ട് III കെ എസ് ആർ ചട്ടം 90 6(A) (1) പ്രകാരം, അന്തരിച്ച ജീവനക്കാരനെ പൂർണ്ണമായും ആശ്രയിച്ച് ജീവിക്കുന്നവരും മെച്ചപ്പെട്ട ജീവിത നിലവാരമുള്ള മറ്റ് മക്കൾ ഇല്ലാത്തവരും വാർഷിക വരുമാനം 30000/- രൂപയിൽ കവിയാത്തവരുമായ മാതാപിതാക്കൾക്ക് കുടുംബ പെൻഷന് അർഹതയുണ്ട്. മാത്രവുമല്ല, ജീവനക്കാർ മരണമടയുന്ന കാലയളവിൽ അവിവാഹിതരോ, വിവാഹിതരെങ്കിൽ ജീവിതപങ്കാളിയോ കുട്ടികളോ ഇല്ലാതിരിക്കുകയോ ആണെങ്കിലുമേ മാതാപിതാക്കൾക്ക് കുടുംബ പെൻഷൻ അനുവദിക്കാൻ വ്യവസ്ഥയുള്ളൂ. ഈ കേസിൽ, കോഴിക്കോട് തഹസിൽദാരിൽ നിന്നുള്ള യോഗ്യതാസർട്ടിഫിക്കറ്റ് പ്രകാരം റീജയുടെ മാതാപിതാക്കളുടെ വാർഷിക വരുമാനം 30000/- രൂപയിൽ താഴെയാണ്. ടിയാളുകൾക്ക് നല്ല നിലയിൽ ജീവിക്കുന്ന മറ്റ് മക്കളുമില്ല എന്ന് തഹസിൽദാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. റീജ അവിവാഹിതയായിരുന്നുവെന്ന് വേങ്ങേരി വില്ലേജ് ഓഫീസർ സാക്ഷ്യപത്രം നല്കിയിട്ടുമുണ്ട് എന്നതിനാൽ കോഴിക്കോട് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്കായിരിക്കേ 07.03.2019 ൽ മരണപ്പെട്ട റീജ.കെ യുടെ മാതാപിതാക്കൾക്ക് 08.03.2019

പ്രാബല്യത്തിൽ കുടുംബപെൻഷൻ തുല്യമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
മരണപ്പെട്ട റീജ.കെ യുടെ മാതാപിതാക്കൾക്ക്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധന വകുപ്പിന്(05.06.2020 ലെ ww1/75/20/Fin നമ്പർ കുറിപ്പ് പ്രകാരം)
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ&ഇ ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ(എൽ ബി എ&എ), കേരള
ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് പകർപ്പ്, കരുതൽ ഫയൽ(61/ഇപിഎ1/2020/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ